ഷോപ്പിംഗ് ഉത്സവത്തിന്റെ ഒന്നാം സമ്മാനമായി 151 കില സ്വർണ്ണം വിളംബരം ചെയ്യുന്ന ഇടതുസർക്കാർ ഒന്നോർക്കണം, വിദേശാധിപത്യത്തിനെതിരെ പട നയിച്ച ഗാന്ധിജിയുടെ കൈകൾക്ക് ശക്തിപകരാൻ സ്വന്തം സ്വർണ്ണാഭരണങ്ങൾ വലിച്ചെറിഞ്ഞഒരു ധീരവനിത ജീവിച്ച നാടാണ് കേരളം. അതുപോലെ ആതുരസേവനത്തിന്റെ മറവിൽ ലാഭവെറി പൂണ്ട അശുപത്രി അധികൃതർക്ക് സ്വന്തം വളകൾ ഊരി നൽകിയ ഒരു പൊലീസുകാരിയും നമ്മളോടൊപ്പമുണ്ട്. സ്വർണ്ണത്തിന്റെ മഞ്ഞത്തിളക്കം കാട്ടി മലയാളികളെ ഇക്കിളിപ്പെടുത്തല്ലേ.. കാരണം, പൊന്നു വെക്കേണ്ടിത്തൊരു പൂ മാത്രം വയ്ക്കാൻ നമുക്ക് പാടിത്തന്ന പ്രിയകവി ഇപ്പോഴും നമുക്കിടയിൽ ജീവിക്കുന്നു.

# കേരള കാസിനോ

എസ്തപ്പാൻ

2400 കലോറി പോഷകാഹാരം കിട്ടാത്ത ഗ്രാമീണനും 2100 കലോറി ലഭിക്കാത്ത നഗരവാസിയും ഇന്ത്യയിൽ ദാരിദ്രരേഖയ്ക്ക് താഴെയാണ്. ഇത്രയും പോഷകാംശം നേടാൻ കേരളത്തിലെ ഗ്രാമീണൻ 429.07 കോടിയും നഗരവാസി 562.90 രൂപയും ചെലവാക്കണമെന്നാണ് കണക്ക്(2004-05 രേഖകൾ പ്രകാരം). എന്നാൽ തൊട്ടടുത്തുള്ള തമിഴ്നാട്ടിൽ ഗ്രാമീണന് 351.80 രൂപയേ മിനിമം പോഷകാംശം കിട്ടാൻ വേണ്ടതുള്ളൂ. കാരണം നിത്യോപയോഗ സാധനങ്ങളും, പാൽ, പച്ചക്കറി എന്നിവയും ദ്രാവിഡൻ വീട്ടുവളപ്പിൽ തന്നെ ഉണ്ടാക്കുന്നുണ്ട്. വൃത്തിയില്ലാത്ത പാണ്ടികൾ എന്ന് മല്ലൂസ് അവഹേളിക്കുമെങ്കിലും, കാലത്ത് പറമ്പിൽ പോയി പുല്ലരിഞ്ഞ് മോപ്പഡിൽ വച്ചുകെട്ടി വീട്ടിൽ കൊണ്ടിട്ടേ തമിഴൻ പണിക്കു പോകൂ. അതുകൊണ്ട് കുഞ്ഞിനു കൊടുക്കാൻ മായം ചേർത്ത പ്ളാസ്റ്റിക് പാൽ വില കൊടുത്തു മേടിക്കേണ്ടതില്ല. ചീരയും കക്കരിയ്ക്കയും വീടിനു ചുറ്റും ഇഷ്ടം പോലെ. മിച്ചം വരുന്നവ കേടാവതിരിക്കാൻ കീടനാശിനിയിൽ സ്ഫുടം ചെയ്ത് ചുരം കടത്തി കേരളത്തിലേക്ക് കയറ്റിവിടുന്നു.

തമിഴ്നാട്ടിൽ നിന്നും കർണ്ണാടകത്തിൽ നിന്നും മറ്റനവധി സ്ഥലങ്ങളിൽ നിന്നും കൊണ്ടുവരുന്ന വിവിധതരം ചരക്കുകളുടെ വിൽപ്പനച്ചന്തയാണ് കേരളം. സാക്ഷരനായ കേരളീയൻ കൊല്ലംതോറും കടൽ കടന്നു വരുന്ന 30000 കോടി വിദേശനാണ്യത്തിന്റെ അഹങ്കാരത്തിൽ ധാടി കാണിച്ച് ജീവിച്ചുപോകുന്നു. എല്ലാം പണം കൊടുത്തുവാങ്ങാം. എന്നതിന്റെ തിളപ്പിൽ ഓരോ ദിവസവും ഉത്സവമാക്കുന്നു, മേളമാക്കുന്നു. മറ്റൊരു വ്യാകുലതകളെക്കുറിച്ചും ആശങ്കപ്പെടേണ്ടതില്ലാതെ ഓരോ ദിവസവും വർണ്ണശബളമാക്കാനുള്ള തത്രപ്പാടുകളുടെ ടെൻഷനിൽ പുഷ്പോത്സവം, വായ്പോത്സവം, തീരദേശോത്സവം എന്നിവ കൊണ്ടാടുന്നു. ഹർത്താൽ, പണിമുടക്ക്, 20-ട്വന്റി, മരണം എന്നിവയൊക്കെ അതിന്റേതായ ലഹരികളിൽ നമ്മളാഘോഷിക്കുന്നു. വല്ലപ്പോഴും, ഒരു ചേഞ്ചിനു വേണ്ടി അന്തരീക്ഷ മലിനീകരണനത്തെക്കുറിച്ചും മനുഷ്യാവകാശലംഘനങ്ങളെക്കുറിച്ചും രോഷം കൊള്ളുന്നു. സ്കൂളുകളിലും വ്യാപാരസ്ഥാപനങ്ങളിലും മാർക്കറ്റുകളിലും ഇത്തരം ആഘോഷങ്ങൾ ദിനചര്യയുടെ ഭാഗമാണ്. പതിനെട്ടക്കരക്കാവിലെ വേല പോലെ വർഷാവർഷം നിശ്ചിതസമയത്തുതന്നെ അവയൊക്കെ കൊണ്ടാടപ്പെടുന്നു. സർക്കാർ കണക്കിലുള്ള ഗ്രാന്റ് കേരള ഷോപ്പിംഗ് ഹങ്കാമ ഇതാ മൂന്നാംകൊല്ലവും അങ്ങനെ നമുക്ക് മുന്നിലെത്തിയിരിക്കുകയാണ്.

ഓണത്തിനും വിഷുവിനുമായി വർഷത്തിൽ രണ്ടു സെറ്റ് ഷർട്ടും ട്രൗസറും കുട്ടികൾക്കായി എടുത്തിരുന്ന കാലം വളരെ പണ്ടായിരുന്നു. ഇപ്പോൾ ഓരോ കല്യാണത്തിനും അമ്പത്താറിനും തുടങ്ങി കുട്ടിക്ക് അരഞ്ഞാൺ കെട്ടുന്നതിനുകൂടി ബന്ധുക്കളും മിത്രങ്ങളും ക്ഷണിക്കുമ്പോൾ പങ്കെടുക്കാൻ കുട്ടികൾക്കു മാത്രമല്ല, വീടടക്കം പുത്തുനുടുപ്പുകൾ മേടിയ്ക്കുക എന്നതാണ് പുതിയ രീതി. തീർച്ചയായും നല്ലതുതന്നെ. അത്രയും വസ്ത്ര ഉൽപാദകർക്കും ഒരുപാട് ഇടനിലക്കാർക്കും അതിന്റെ ദമ്പടി കിട്ടും. പ്രശ്നം അതല്ല. ആവശ്യത്തിനും അനാവശ്യത്തിനും ജനങ്ങൾ വസ്ത്രങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങലും ഇപ്പോൾ തന്നെ ഉപഭോഗം നടത്തുന്നുണ്ടെന്നിരിക്കെ, എന്തിനാണ് സർക്കാർ മേൽനോട്ടത്തിൽ ഇങ്ങനെയൊരു ഷോപ്പിംഗ് ഉത്സവം കൊട്ടിഘോഷിക്കുന്നത്. നിങ്ങൾക്ക് ഭാഗ്യമുണ്ടെങ്കിൽ കിലോക്കണക്കിന് സ്വർണ്ണം നേടാം എന്ന ചൂതാട്ട തന്ത്രം പക്ഷെ ഒരു ഇടതുസർക്കാർ പ്രോത്സാഹിപ്പിക്കാൻ പാടില്ലായിരുന്നു. സ്ഥിതിസമത്വത്തിന്റെ ഏതു സിദ്ധാന്തമാണ്

സാധാരണക്കാരനെ വ്യാജമോഹങ്ങളിൽ വശീകരിക്കാൻ ഉൽബോധിപ്പിക്കുന്നത്. പണ്ടൊരു ഇടതുപക്ഷ മന്ത്രി തത്കാലത്തെ മുട്ടുശാന്തിക്ക് ലോട്ടറിക്കച്ചവടം തുടങ്ങി എന്നു വച്ച് ഇന്നത്തെ സാമ്പത്തിക വിചക്ഷണന്മാർ അതുതന്നെ തുടരേണ്ടതുണ്ടോ? അന്നത്തെ ആവശ്യം ഇന്നത്തെ ആചാരം. സർക്കാരനറിയാം, ജനങ്ങളെ ബോധമില്ലാതെ മയക്കിനിർത്തിയാലോ പുതുപുത്തൻ കൈക്കലാക്കാനാകൂവെന്ന്. അതുകൊണ്ടാണ് കവലകൾ തോറും ലോട്ടറി നറുക്കെടുപ്പും. ഇപ്പോഴിതാ സൂപ്പർ ഷോപ്പിംഗ് നടത്തിയാൽ 151 കിലോ ഗ്രാം സ്വർണ്ണവും. പ്രോലിറ്റേറിയൻ ആഗ്രഹങ്ങൾ ഒരിക്കലും അവസാനിക്കരുത്.

ഈ മാമാങ്കത്തിൽ സാധാരണക്കാരനെന്തു കാര്യം. നിത്യോപയോഗസാധനങ്ങളുടെ രൂക്ഷമായ വിലക്കയറ്റത്തിന്റെ നിലയില്ലാക്കയത്തിൽ മുങ്ങിപ്പൊങ്ങുന്ന മധ്യവർഗ്ഗി ആരെ പഴിയ്ക്കാൻ? വൈരുദ്ധ്യാത്മകമായി ചിന്തിക്കുന്നതുകൊണ്ട് ഇടതുസർക്കാരിനെ തള്ളിപ്പറയാനാകില്ല. വിലക്കയറ്റം മാന്ദ്യകാലത്തെ നാഥനില്ലാ ഇക്കോണമികളിലെ ആഗോളപ്രതിഭാസമാണല്ലോ. അതുകൊണ്ടൊക്കെയാകുമല്ലോ മലയാളത്തിന്റെ യുവദാർശനിക മഹാകവി പോലും ഷോപ്പിംഗ് ഉത്സവത്തെ വാഴ്ത്തുന്നത്.

ലോകമെമ്പാടും കാലാവസ്ഥാ പ്രതിസന്ധിയുടെ ഭാഗമായി, വിവരമുള്ളവർ, ദൈനംദിന ഉപഭോഗം കുറയ്ക്കാനായി നിർദ്ദേശോപദേശങ്ങൾ കൊടുത്തുകൊണ്ടിരിക്കുമ്പോഴാണ് നൂറു ശതമാനം സാക്ഷരത കൈവരിച്ച ഈ സംസ്ഥാനത്ത് അതിന്റെ സർക്കാർ തന്നെ ജനങ്ങളോട്, മേടിയ്ക്കൂ, മേടിയ്ക്കൂ എന്ന് നിർബന്ധിക്കുന്നത്. അനാവശ്യമായ വാങ്ങാൽ ഊർജ്ജനഷ്ടവും കാർബൺ എമിഷനും ഉണ്ടാകുമെന്ന് ഈ മന്ത്രിമാരെന്തേ അറിയാതെ പോയത്. വർഷംതോറും സാർവ്വദേശീയമായി നവംബർ 27ന് ആചരിക്കുന്ന നോ ബൈ ഡേ ഇത്തവണ ഒമ്പതാം വർഷം കടന്നു. എന്നിട്ടും നമ്മുടെ പണ്ഡിത കേസരികൾ കുണ്ടിലെ തവളകളായി തന്നെ തുടരുന്നു.

കേരളം ഇന്ന് പൊള്ളയായ, ഗുണപരമായി ഒന്നും മുന്നോട്ടു വയ്ക്കാനില്ലാത്ത സമൂഹമായി അതിവേഗം പരിണമിച്ചുകൊണ്ടിരിക്കുകയാണ്. കുമിളകളിൽ കെട്ടിപ്പൊക്കുന്ന മണിമാളികകൾക്ക് അധികം ആയുസ്സില്ലെന്ന് ഈ മാന്ദ്യ സമയത്ത് നമുക്കനുഭവപ്പെട്ടതാണ്. ഖനനം പൊടിപോലുമില്ലാത്ത, അന്താരാഷ്ട്ര മാർക്കറ്റിംഗ് ഹബ്ബായി മേനി നടിച്ചിരുന്ന ദുബായ്, വീഴ്ചയുടെ ആഘാതത്തിൽ നിന്നും ഇപ്പോഴും കര കയറിയിട്ടില്ല. കഴിഞ്ഞ രണ്ടു ഷോപ്പിംഗ് ഫെസ്റ്റിവൽ കൊണ്ട് സംസ്ഥാനത്തിന്, ജനങ്ങൾക്ക് എന്തു ലാഭമാണുണ്ടായത്? ഇത്തരം മാമാങ്കങ്ങൾ പടച്ചുണ്ടാക്കാനുപയോഗിക്കുന്ന സമയവും അധ്വാനവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള മറ്റ തുറകളിൽ സംഘടിപ്പിച്ചു കൂടെ! എല്ലാ കൊല്ലവും 20 ലക്ഷം പ്രവാസികൾ അയക്കുന്ന പണമുപയോഗിച്ച് സൗധങ്ങൾ പണിയാൻ മണലെടുത്ത് നദികളൊക്കെ വരണ്ടുമുടിഞ്ഞു. കൃഷി അന്യം നിന്ന പാടശേഖരങ്ങളിലെ എക്കൽ മണ്ണിനെ ആര് രക്ഷപ്പെടുത്തും? കായലുകൾ നികത്താൻ വില പറഞ്ഞു നിൽക്കുന്ന കുന്നുകളെ ആര് സംരക്ഷിക്കും? ഉത്തരവാദ ടൂറസം പദ്ധതിയുടെ ഏതു ഖണ്ഡികയിലാണ് അവയെല്ലാം ഉൾപ്പെടുത്തുക. ജനങ്ങളെ നേരിട്ട് ബാധിക്കുന്ന പ്രശ്നങ്ങളല്ല, മറിച്ച് ഉപരിപ്ളവമായി അവരെ നിയന്ത്രിക്കുന്ന രംഗങ്ങളിൽ ഇടപെടാനാണ് സർക്കാരിന് താൽപര്യം. അതുകൊണ്ട് തീംപാർക്കുകളും ബൃഹദ് പദ്ധതികളുമാണ് ഒരു ജനവിരുദ്ധ സർക്കാരിന്റെ വികസന അജണ്ട. ആൾദൈവങ്ങളും വാടക ഗുണ്ടകളും അതിന്റെ ഉപോൽപ്പന്നങ്ങൾ മാത്രം.

ഷോപ്പിംഗ്ഫെസ്റ്റിവലിന്റെ പരസ്യത്തിന് മാധ്യമങ്ങളെ മൊത്തം വില കൊടുത്ത സർക്കാരിന്റെ വിരോധാഭാസം ശ്രദ്ധിക്കുക. കഴിഞ്ഞ കുറേ നാളുകളായി പത്രം തുറന്നാൽ പാർട്ടിസെക്രട്ടറിയും മന്ത്രി പുംഗവന്മാരും വാദിച്ച് മാധ്യമസിൻഡിക്കേറ്റിനെ തെറി പറയുന്നതായിരുന്നു പ്രധാനവാർത്ത. പക്ഷേ, പൊങ്ങച്ച ഉത്സവത്തിനു വേണ്ടി അതേ സിൻഡിക്കേറ്റുമായി ഒത്തുതീർപ്പിലെത്താൻ അവർക്ക് ഒരു മടിയുമില്ല. സർക്കാരിന്റെ ഓരോ പ്രവർത്തികളിലും ഈ ദ്വന്ദ്വ മനോഭാവം നിഴലിക്കുന്നതു കാണാം. കാലഘട്ടം ആവശ്യപ്പെടുന്ന ഉപഭോഗനിയന്ത്രണത്തിനു പകരം, മുമ്പ് വിശദീകരിച്ചതുപോലെ, ഷോപ്പിംഗ് ഉത്സവത്തിനു പോകാൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന നിലപാട് അതിലൊന്ന്.

ഇന്ന് കേരളത്തിന്റെ പാതയോരങ്ങളിൽ ഏറ്റവും കൂടുതൽ സ്ഥാനം പിടിച്ചിട്ടുള്ള ഫ്ളക്സ് ബോർഡുകളിലൊന്ന്, കൈത്തറി ശീലമാക്കാൻ ജനങ്ങളെ ഉൽബോധിപ്പിക്കുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പാണ്. രണ്ടാൾ പൊക്കത്തിൽ

ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ പരസ്യത്തിന് മാധ്യമങ്ങളെ മൊത്തം വിലക്കെടുത്ത സർക്കാരിന്റെ വിരോധാഭാസം ശ്രദ്ധിക്കുക. കഴിഞ്ഞ കുറേ നാളുകളായി പത്രം തുറന്നാൽ പാർട്ടിസെക്രട്ടറിയും മന്ത്രി പുംഗവന്മാരും വാദിച്ച് മാധ്യമസിൻഡിക്കേറ്റിനെ തെറി പറയുന്നതായിരുന്നു പ്രധാന വാർത്ത. പക്ഷേ, പൊങ്ങച്ച ഉത്സവത്തിനു വേണ്ടി അതേ സിൻഡിക്കേറ്റുമായി ഒത്തുതീർപ്പിലെത്താൻ അവർക്ക് ഒരു മടിയുമില്ല. സർക്കാരിന്റെ ഓരോ പ്രവർത്തികളിലും ഈ ദ്വന്ദ്വ മനോഭാവം നിഴലിക്കുന്നതു കാണാം. കാലഘട്ടം ആവശ്യപ്പെടുന്ന ഉപഭോഗനിയന്ത്രണത്തിനു പകരം, മുമ്പ് വിശദീകരിച്ചതുപോലെ, ഷോപ്പിംഗ് ഉത്സവത്തിനു പോകാൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന നിലപാട് അതിലൊന്ന്.

കവലകൾ തോറും പ്രദർശിപ്പിച്ചിട്ടുള്ള ഈ ഫ്ളക്സ് ബോർഡുകൾ പ്ളാസ്റ്റിക് ഉപഭോഗം വഴി സർക്കാർ ചെലവിൽ വൻതോതിൽ പരിസരമലിനീകരണം വരുത്തിവയ്ക്കുന്നു. ഇത്തരം പ്രവർത്തികൾക്കെതിരെ പ്രതികരിക്കാൻ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പോലും നാവിറങ്ങിപ്പോയോ? ചുരുങ്ങിയത്, ഇത്തരം ബോർഡുകൾ നിർമ്മിക്കുമ്പോൾ ഫ്ളക്സിനു പകരം കൈത്തറിത്തുണി തന്നെ ഉപയോഗിച്ചിരുന്നെങ്കിൽ സർക്കാരിന്റെ ജനങ്ങളോടുള്ള ശുപർശ അന്വർത്ഥവും മാതൃകാപരവുമായേനേ. കൈത്തറി പോലെ തന്നെ കേൾവികേട്ടതാണ് സർക്കാരിന്റെ ലിനക്സ് അഥവാ ഓപ്പൺസോഴ്സ് സോഫ്ട് വെയർ പ്രേമവും. പ്രചരണത്തിനായി നടത്തുന്ന അധരവ്യായാമത്തിനും ധനധൂർത്തിനും കണക്കില്ല. ചില വേദികളിൽ മൈക്ക് കൈയിൽ കിട്ടുമ്പോഴെല്ലാം ഫ്രീ സോഫ്ട് വെയറിന്റെ അനന്ത സാധ്യതകളെക്കുറിച്ച് മന്ത്രിമാർ തട്ടുപൊളിപ്പൻ പ്രസംഗങ്ങളാണ് നടത്താറുള്ളത്. പക്ഷേ സർക്കാരിന്റെ തന്നെ ഏതെങ്കിലും പ്രധാനപ്പെട്ട സോഫ്ട് വെയർ സൊല്യൂഷൻ ഇൻസ്റ്റലേഷന് മൈക്രോ സോഫ്ട് മാത്രം മതി. ഇത്തരം ഉൽപ്പന്നങ്ങളുടെ കച്ചവടത്തിനായി വർഷാവർഷം ബിൽഗേറ്റ്സ് ഇന്ത്യ സന്ദർശിക്കുന്നത് വെറുതേയല്ല. ഫലമോ, ഭാരിച്ച വാർഷിക മെയിന്റെൻസ് ഫീസും ലൈസൻസ് ചാർജ്ജും. ലിനക്സ് അപദാനങ്ങളൊക്കെ വെറും ജലരേഖകൾ.

ഇങ്ങനെ സർക്കാരിന്റെ ഏതു കാര്യത്തിലും ഇത്തരം വിരോധാഭാസം നിലനിൽക്കുന്നകാണാം. അല്ലെങ്കിൽത്തന്നെ സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ള ജനങ്ങളുടെ ക്ഷേമത്തിന്റെ പേരും പറഞ്ഞ് അധികാരത്തിലേറിയശേഷം ലോട്ടറി മുതലാളിമാരും ഭൂമാഫിയകളുമാണല്ലോ ഭരണകക്ഷികളുടെ കളിക്കൂട്ടുകാർ.

ഷോപ്പിംഗ് ഉത്സവത്തിന്റെ ഒന്നാം സമ്മാനമായി 151 കില സ്വർണ്ണം വിളംബരം ചെയ്യുന്ന ഇടതുസർക്കാർ ഒന്നോർക്കണം, വിദേശാധിപത്യത്തിനെതിരെ പട നയിച്ച ഗാന്ധിജിയുടെ കൈകൾക്ക് ശക്തി പകരാൻ സ്വന്തം സ്വർണ്ണാഭരണങ്ങൾ വലിച്ചെറിഞ്ഞ ഒരു ധീരവനിത ജീവിച്ച നാടാണ് കേരളം. അതുപോലെ ആതുരസേവനത്തിന്റെ മറവിൽ ലാഭവെറി പൂണ്ട അശുപത്രി അധികൃതർക്ക് സ്വന്തം വളകൾ ഊരി നൽകിയ ഒരു പൊലീസുകാരിയും നമ്മളോടൊപ്പമുണ്ട്. സ്വർണ്ണത്തിന്റെ മഞ്ഞത്തിളക്കം കാട്ടി മലയാളികളെ ഇക്കിളിപ്പെടുത്തല്ലേ.. കാരണം, പൊന്നു വെക്കേണ്ടിത്തൊരു പൂ മാത്രം വയ്ക്കാൻ നമുക്ക് പാടിത്തന്ന പ്രിയകവി ഇപ്പോഴും നമുക്കിടയിൽ ജീവിക്കുന്നു.




## കേരളീയം തേടുന്നു

1998 മുതൽ തൃശൂരിൽനിന്ന് പ്രസിദ്ധീകരിക്കുന്ന ജാഗ്രതയുടെ കേരളീയം മാധ്യമ- സാമൂഹ്യരംഗത്തുനിന്ന് ജീവനക്കാരെ തേടുന്നു. 1. റിപ്പോർട്ടർ /സബ് എഡിറ്റർ 2. ഡി.ടി.പി. ഓപ്പറേറ്റർ 3. മാർക്കറ്റിങ്ങ് സ്റ്റാഫ്. ബന്ധപ്പെടുക. കേരളീയം, കൊക്കാലെ, തൃശൂർ-21. ഫോൺ : 9446576943.